**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4322** **09-08-2021 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിനെ തേർളായി ദ്വീപിന്റെ പൂൽക്കാട് കടവു മുതൽ ചിറമ്മൽ കടവു വരെയുള്ള ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 62 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ മാത്രമാണ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | അതിൽ എത്ര പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | ചെങ്ങളായി ഗ്രാമപഞ്ചായത്തിനെ തേർളായി ദ്വീപിന്റെ പൂൽക്കാട് കടവു മുതൽ ചിറമ്മൽ കടവു വരെയുള്ള ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 62 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് 28.12.2018-ലെ സ.ഉ (സാധാ) നം.5325/2018/റവ.നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

File No.REV-P3/191/2018-REV

I/3634??9/2018

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട തേർളായി ദ്വീപിന്റെ പുൽകാടി കടവ് മുതൽ ചിറമ്മൽ കടവ് വരെയുള്ള ഭാഗം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.5325/2018/റവ.** തീയതി,തിരുവനന്തപുരം, 28/12/2018

---

പരാമർശം:- 1 23.07.2018-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/302/2015-L3 നമ്പർ കത്ത്.

2 29.11.2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടികുറിപ്പ്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട തേർളായി ദ്വീപിന്റെ പുൽകാടി കടവ് മുതൽ ചിറമ്മൽ കടവ് വരെയുള്ള ഭാഗം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി ₹62,00,000/- രൂപയുടെ എസ്റ്റിമേറ്റ് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ സമർപ്പിച്ചിരു ന്നു. ടി സ്ഥലത്ത് വെള്ളപ്പൊക്ക ഭീഷണി ഉണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (2) പ്രകാരം ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം നൽകുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട തേർളായി ദ്വീപിന്റെ പുൽകാടി കടവ് മുതൽ ചിറമ്മൽ കടവ് വരെയുള്ള ഭാഗം സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി ₹62,00,000/- (**അറുപത്തി രണ്ട് ലക്ഷം മാത്രം)** രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ടി പ്രവൃത്തിയുടെ നടത്തിപ്പ് എറണാകുളം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്.

FILE No.REV-P3/191/2018-REV

2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 19 & 20 എന്നിവ കർശനമായി പാലിക്കുന്നുണ്ടെന്നും, ടി പ്രവൃത്തിയുടെ പുരോഗതി സമയാസമയങ്ങളിൽ പരിശോധിക്കുന്നുണ്ടെന്നും ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

4. മേൽ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക കണ്ണൂർ ജില്ലാ കലക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. കൂടാതെ ടി പ്രവൃത്തി ഈ ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ബെൻസി. ജെ**
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ